പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 232 26-09-2011 -ൽ മറുപടിക്ക്.

## മദ്യനയം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. കെ. നാണു :<br>ശ്രീ. മാത്യു റ്റി. തോമസ് :<br>ശ്രീമതി. ജമീലാ പ്രകാശം :<br>ശ്രീ. ജോസ് തെറ്റയിൽ : | | ശ്രീ. കെ. ബാബു<br>(എക്സൈസും തുറമുഖവും വകുപ്പു മന്ത്രി) | |
| (എ) | ഈ സർക്കാരിന്റെ മദ്യനയം അന്തിമമായി പ്രഖ്യാപിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ അവയുടെ സവിശേഷതകൾ എന്തെല്ലാമെന്ന് വിശദീകരിക്കാമോ; | (ബി) | സമൂഹത്തിൽ വർദ്ധിച്ചു വരുന്ന മദ്യാസക്തിയും അതിൽ നിന്നുടലെടുക്കുന്ന സാമൂഹ്യ പ്രശ്നങ്ങളും സർക്കാർ വളരെ ഗൗരവത്തോടെ കണ്ടുകൊണ്ട് രൂപീകരിച്ചതാണ് പുതിയ മദ്യനയം. മദ്യവ്യവസായത്തെ ഒരു വരുമാന സ്രോതസ്സായി കാണാതെ, മദ്യത്തിന്റെ വ്യാപനം തടയുന്നതോടൊപ്പം, ഉയർന്ന ഗുണനിലവാരമുള്ള മദ്യം ഉപഭോക്താക്കൾക്ക് നൽകിയും പരമ്പരാഗത വ്യവസായം എന്ന നിലയിൽ കള്ള് ചെത്ത് വ്യവസായത്തെ സംരക്ഷിച്ചും, ബോധവൽക്കരണ പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടിയും, സാമൂഹ്യ പ്രതിബദ്ധത വെളിവാക്കുന്നതുമായ മദ്യനയമാണ് പ്രഖ്യാപിച്ചത്. പുതിയ ബാർ അനുവദിക്കുമ്പോൾ അവ തമ്മിലുള്ള അകലം പഞ്ചായത്തുകളിൽ 3 കിലോ മീറ്ററും, മുനിസിപ്പാലിറ്റി / കോർപ്പറേഷനുകളിൽ ഒരു കിലോ മീറ്ററുമായി നിശ്ചയിക്കാൻ തീരുമാനിച്ചു. 31-03-2012 വരെ, 3 സ്റ്റാർ പദവിയിലുള്ള ഹോട്ടലുകൾക്കും, 01-04-2012 മുതൽ 4 സ്റ്റാറും അതിനു മുകളിൽ പദവിയിലുള്ള ഹോട്ടലുകൾക്കും, 2013-14 മുതൽ 5 സ്റ്റാർ പദവിയുള്ള ഹോട്ടലുകൾക്കും മാത്രമേ ബാർ ലൈസൻസ് അനുവദിക്കുകയുള്ളൂ. 4 സ്റ്റാർ ബാർ ഹോട്ടലുകൾക്കുള്ള ദൂരപരിധി 200 മീറ്ററായി വർദ്ധിപ്പിച്ചു. ടൂറിസം വകുപ്പ്, ടൂറിസ്റ്റ് കേന്ദ്രങ്ങൾ എന്ന് നോട്ടിഫൈ ചെയ്ത 10 സ്ഥലങ്ങളിൽ തുടർന്നും 3 സ്റ്റാർ ബാർ ഹോട്ടലുകൾ അനുവദിക്കും. ദുഃഖ വെള്ളിയാഴ്ച ഡ്രൈ ഡേ ആയി പ്രഖ്യാപിച്ചു. മദ്യ ഉപഭോഗത്തിനുള്ള പ്രായപരിധി 18-ൽ നിന്നും 21 വയസ്സായി വർദ്ധിപ്പിച്ചു. ബാർ ഹോട്ടലുകളുടെ പ്രവർത്തന സമയം, പഞ്ചായത്ത്/മുനിസി |

| | | | |
|---|---|---|---|
| | | | പ്പാലിറ്റികളിൽ, രാവിലെ 8 മണി മുതൽ രാത്രി 11 മണി വരെയും, കോർപ്പറേഷനുകളിൽ, രാവിലെ 9 മണി മുതൽ രാത്രി 12 മണി വരെയും ആയി കുറയ്ക്കുന്നതാണ്. വ്യാജക്കള്ള് തടയുന്നതിന്റെ ഭാഗമായി, രാസപരിശോധനയ്ക്ക് മൊബൈൽ ലാബുകൾ തുടങ്ങുവാൻ തീരുമാനിച്ചു. അരിഷ്ടാസവങ്ങളുടെ ചില്ലറ വില്പനയ്ക്ക്, ഫീസ് 1000 രൂപയായും, മൊത്തക്കച്ചവടത്തിന് ഫീസ് 5000 രൂപയായും, ടി ലൈസൻസികളുടെ നിയമ ലംഘനത്തിന് പിഴ 4000 രൂപയായും വർദ്ധിപ്പിച്ചു. അബ്കാരി കുടിശ്ശിക പിരിക്കുന്നതിന്. ആംനസ്റ്റി സ്കീം 6 മാസത്തേക്ക് കൂടി ദീർഘിപ്പിച്ചു. മദ്യ വിരുദ്ധബോധവൽക്കരണ പ്രചാരണ പ്രവർത്തനങ്ങൾക്ക് തുക 20 ലക്ഷത്തിൽ നിന്നും 2 കോടിയായി വർദ്ധിപ്പിച്ചു. |
| (സി) | പ്രഖ്യാപിത മദ്യനയം തന്നെയാണോ തുടരുന്നത്; അതിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ? | (സി) | അതെ. ഉദ്ദേശിക്കുന്നില്ല. |

സെക്ഷൻ ആഫീസർ